Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

**STATE POLICE MEDIA CENTRE**
**KERALA POLICE**

No.08/PR/SPMC/PHQ/2021 Date:06.01.2021

## ആപ്പ് ഉപയോഗിച്ച് വായ്പ: അന്വേഷണം ക്രൈം ബ്രാഞ്ചിന്; സി.ബി.ഐ, ഇന്റർപോൾ സഹകരണം തേടും

മൊബൈൽ ആപ്പ് വഴി വായ്പ നൽകി തട്ടിപ്പ് നടത്തുന്ന സംഘങ്ങളുടെ പ്രവർത്തനം ക്രൈംബ്രാഞ്ച് അന്വേഷിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അറിയിച്ചു. ഹൈടെക് ക്രൈം എൻക്വയറി സെൽ അന്വേഷണത്തിൽ പോലീസിനെ സഹായിക്കും.

തട്ടിപ്പിന് പിന്നിൽ വിദേശികൾ ഉൾപ്പെടെയുള്ള സംഘമാണ് പ്രവർത്തിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരും ഇതിന് പിന്നിലുണ്ട്. ഈ സാഹചര്യത്തിൽ ഇന്റർപോൾ, സി.ബി.ഐ എന്നിവയുടേയും തെലുങ്കാന, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ പോലീസിന്റെയും സഹായത്തോടെയാണ് അന്വേഷണം നടത്തുക.

മൊബൈൽ ആപ്പ് ഉപയോഗിച്ച് വായ്പ എടുത്തവരിൽ ചിലർ അമിതപലിശ കാരണം പണം തിരിച്ചടയ്ക്കാനാവാതെ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് തീരുമാനം. മൊബൈൽ ആപ്പ് ഉപയോഗിച്ച് വായ്പ എടുക്കുന്നത് ഒഴിവാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പൊതുജനങ്ങളോട് അഭ്യർത്ഥിച്ചു.

(ഇതു സംബന്ധിച്ച സംസ്ഥാന പോലീസ് മേധാവിയുടെ ബൈറ്റ് (ഇംഗ്ലീഷ് & മലയാളം) ഇതോടൊപ്പം)

************************